**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4593 20/10/2011-ൽ മറുപടിയ്ക്ക്

ഫിഷറീസ് വകുപ്പിലെ വികസന പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. ഹൈബി ഈഡൻ

മറുപടി
ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| | |
|---|---|
| (എ)<br><br>എറണാകുളം നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 2011-12 വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാം ; | (എ) & (ബി)<br>മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി മത്സ്യകേരളം പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി തുടങ്ങിയ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് സമഗ്ര തീരപ്രദേശ വികസന പദ്ധതിയുടെ ഭാഗമായി എറണാകുളം ജില്ലയിൽ 507.029 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാഫ് മുഖേന തീരമൈത്രീ പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. |
| (ബി)<br>ഏതെല്ലാം ഫിഷറീസ് റോഡുകളുടെ നിർമ്മാണമാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നത് ; | ഹാർബർ എൻജിനീയറിംഗ് വകുപ്പ്<br>തീരദേശറോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 2011-12 വർഷത്തിൽ എറണാകുളം നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന റോഡുകളുടെ നിർമ്മാണം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>1. ചിറ്റൂർ കളരിക്കൽ റോഡ് മുതൽ ചിറ്റൂർ ഫെറി വരെ റോഡ്<br><br>2. തേവര ഫെറി റോഡ് മുതൽ യു.പി. ബ്രിഡ്ജ് വരെയുള്ള റോഡ്<br><br>3. പച്ചാളം വടുതല പാരലൽ റോഡ്<br>4. ബ്ളാവിക്കടവ് സബ് റോഡ്<br>താഴെ പറയുന്ന റോഡുകൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു<br><br>1. രാജീവ് നഗർ കോളനി വയലാർ കോളനി |

| | |
|---|---|
| | പ്രദേശത്തുകൂടിയുള്ള റോഡ്<br>2. ചേരാനല്ലൂർ പഞ്ചായത്ത് പണ്ഡിറ്റ് കറുപ്പൻ റോഡിന്റെ പുനരുദ്ധാരണം<br>3. ചേരാനല്ലൂർ പഞ്ചായത്ത പീറ്റർ കൊറിയ റോഡ്.<br>4. ചേരാനല്ലൂർ പഞ്ചായത്ത് പുഷ്പക റോഡും എർത്ത്ലിങ്ക് റോഡും |
| (സി)<br><br>ഫിഷറീസ് വകുപ്പിന്റെ ഫണ്ടിൽ നിന്ന് നിലവിൽ നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം ? | (സി)<br>എറണാകുളം ജില്ലയിൽ ഫിഷറീസ് വകുപ്പ് നിർമ്മാണപ്രവർത്തനങ്ങൾ നേരിട്ട് നടത്തുന്നില്ല. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എറണാകുളം മണ്ഡലത്തിൽ ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്<br><br>1. കൊച്ചി കോർപ്പറേഷനിലെ പെരണ്ടൂർ - പൊറ്റക്കുഴി റോഡ്<br>2. കൊച്ചി കോർപ്പറേഷനിലെ മാക്കാം പറമ്പ് നികത്ത് കോളനി റോഡ്<br>3.ചേരാനല്ലൂർ പഞ്ചായത്തിലെ വൈമേലിൽ റോഡ് |

സെക്ഷൻ ഓഫീസർ